# കേരള സർവകലാശാല

നം. പി.ആർ.065/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി.ഡിപ്ലോമ ഇൻ യോഗ തെറാപ്പി: സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി.ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസുകൾ തിങ്കൾ മുതൽ ശനി വരെ രാവിലെ ഏഴ് മണി മുതൽ ഒൻപത് മണി വരെ. കോഴ്സ് ഫീസ് 19,500 രൂപ. അപേക്ഷ ഫീസ് 100 രൂപ. താൽപര്യമുള്ളവർ തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലെ സി.എ.സി.ഇ.ഇ വകുപ്പുമായി ബന്ധപ്പെടുക. അവസാന തീയതി മാർച്ച് 31. വിവരങ്ങൾക്ക് ഫോൺ: 0471–2302523.

### ഡി.സി.എ, സി.സി.എ: തീയതി നീട്ടി

കേരള സർവകലാശാലയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം പിരപ്പൻകോട് യു. ഐ. ടി. യൂണിറ്റ് നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് എന്നീ കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി. യോഗ്യത പ്ലസ്ടു/പ്രീഡിഗ്രി ജയം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയതി ഏപ്രിൽ ഒന്ന്. കൂടുതൽ വിവരങ്ങൾക്ക് പിരപ്പൻകോട് യു. ഐ. ടി. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0472 2583864, 9447182983

### മാജിക്കൽ ആർട്ട്: ഇന്റർവ്യൂ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെയും (സി.എ.സി.ഇ.ഇ) മാജിക്ക് അക്കാദമിയുടേയും സംയുക്ത സംരംഭമായ ഡിപ്ലോമ ഇൻ മാജിക്കൽ ആർട്സ് കോഴ്സിന്റെ പ്രവേശന ഇന്റർവ്യൂ പൂജപ്പുര മാജിക് അക്കാദമിയിൽ ഏപ്രിൽ എട്ടിന് ഉച്ചക്ക് രണ്ടുമണിക്ക് നടക്കും. വിശദ വിവരങ്ങൾക്ക് ഫോൺ :0471–2358910, 2302523, 9446078635.

### കേരള സർവകലാശാല യുവജനോൽസവം 2017

കേരള സർവകലാശാല യുവജനോൽസവം മാർച്ച് 27 മുതൽ 31 വരെ സംഘടിപ്പിക്കുന്നു. വിവിധ കോളേജുകളിൽ നിന്ന് അതാത് പ്രിൻസിപ്പൽമാർ വഴി ഓൺലൈനായി പേര് നൽകിയിട്ടുള്ള വിദ്യാർത്ഥികൾ അതാത് മൽസര ദിവസം രാവിലെ ഏഴു മണി മുതൽ സർവകലാശാല സെനറ്റ് ഹാളിൽ ക്രമീകരിച്ചിരിക്കുന്ന സെൻട്രലൈസ്ഡ് രജിസ്ട്രേഷൻ കൗണ്ടറുകളിൽ കോളേജ് ഐ.ഡി. കാർഡുകളുമായി എത്തി രജിസ്ട്രേഷൻ നടത്തിയ ശേഷം മൽസര വേദികളിലേക്ക് പോകേണ്ടതാണ്.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
25.03.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**